"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചു നല്കിയ കെട്ടിടത്തിൽ വൃദ്ധസദനം ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2708/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:- 1. 19.04.2022 ലെ സ.ഉ(എംഎസ്) നം.84/2022/തസ്വഭവ

2. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13/10/2025-ലെ കത്ത്.

3. മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 13/10/2025-ലെ 5138503-2025 നമ്പർ കത്ത്.

4. പത്തിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19/09/2025-ലെ 2(1)-ാം നമ്പർ തീരുമാനം.

5 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 22/10/2025-ലെ 4.50 നമ്പർ തീരുമാനം

**ഉത്തരവ്**

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി 72.50 ലക്ഷം രൂപ ചെലവഴിച്ച് പത്തിയൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പി.എച്ച്.സി കോമ്പൗണ്ടിലുള്ള സ്ഥലത്ത് 'നികുഞ്ജം' എന്ന പേരിൽ വൃദ്ധ സദനത്തിന് കെട്ടിടം നിർമ്മിച്ചിരുന്നു. മുതുകളം ബ്ലോക്ക് പഞ്ചായത്തും ബ്ലോക്കിന്റെ പരിധിയിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളും ചേർന്ന് സംയുക്തമായി വൃദ്ധസദനം നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും മുതുകുളം ബ്ലോക്ക് പഞ്ചായത്തും, പത്തിയൂർ ഗ്രാമപഞ്ചായത്തും മാത്രമാണ് വിഹിതം വകയിരുത്തിയത്. നിലവിലെ കെട്ടിടത്തിൽ Board of Control for Orphanages and other Charitable Homes, Kerala യിൽ നിന്നും 20 പേരെ താമസിപ്പിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതും വൃദ്ധസദനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള ബൈലോയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

പരാമർശം (1) പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വയോജന പരിപാലനകേന്ദ്രം (Old Age Homes) ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് ഏറ്റെടുക്കാവുന്നത്. മുതുകളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ ഗ്രാമപഞ്ചായത്തിന് വൃദ്ധസദനം തുടങ്ങാൻ അനുമതി നൽകണമെന്ന പരാമർശം (2), (3), (4) പ്രകാരമുള്ള ആവശ്യം പരാമർശം (5)

പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മുതുകുളം ബ്ലോക്ക് പഞ്ചായത്തും പത്തിയൂർ ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്തമായി Old Age Home നടത്താൻ നിർദേശം നൽകി ഉത്തരവാകുന്നു. ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേയും ആവശ്യമുള്ള വയോജനങ്ങൾക്കും സേവനം നൽകുന്ന രീതിയിലായിരിക്കണം പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടത്.

അതോടൊപ്പം മുടക്കം കൂടാതെ വൃദ്ധസദനത്തിന്റെ പ്രവർത്തനം ഉറപ്പാക്കാനുള്ള തുക പഞ്ചായത്ത് വിഹിതത്തിലൂടെ കണ്ടെത്തി പദ്ധതി തയ്യാറാക്കേണ്ടതും സംഭാവനയിലൂടെയും, മറ്റു വിഹിതം കണ്ടെത്തുന്ന രീതി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ബൈലോയ്ക്ക് അംഗീകാരം വാങ്ങി സാമൂഹ്യനീതി വകുപ്പിന്റെ മാനദണ്ഡങ്ങൾ പാലിച്ചുവേണം വദ്ധസദനം തുടങ്ങേണ്ടതെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്.
ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ ജില്ല.
സെക്രട്ടറി, മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ല.
സെക്രട്ടറി, പത്തിയൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(3323403)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 07-11-2025 10:05:21
സെക്ഷൻ ഓഫീസർ.